# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 447 — 27.6.2014-ന് മറുപടിക്ക്

### കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ്<br>,, പി. കെ. ഗുരുദാസൻ<br>,, വി. ശിവൻകുട്ടി<br>,, ബാബു എം. പാലിശ്ശേരി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരസഭകളിലൂടെ നടപ്പാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ; | എ) "ചേരിരഹിത ഭാരതം" എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'രാജീവ് ആവാസ് യോജ്ന' (RAY) പദ്ധതി ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' രൂപീകരിക്കാൻ തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി വെയ്ക്കുന്നു) |
| ബി) ഇതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കാമോ; | ബി) നിശ്ചിത കാലാവധിക്കുള്ളിൽ എസ്റ്റിമേറ്റ് തുകയുടെ 80 ശതമാനത്തോളം കേന്ദ്ര സർക്കാർ വഹിക്കുന്ന പല കേന്ദ്രാവിഷ്കൃത പദ്ധതികളുടേയും 25 ശതമാനം പൂർത്തീകരണം പോലും നടക്കാത്ത സാഹചര്യത്തിൽ കോസ്റ്റ് എസ്കലേഷൻ ഇനത്തിൽ വൻ സാമ്പത്തിക ബാധ്യതയാണ് സംസ്ഥാന സർക്കാരിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിലാണ് നിലവിൽ സംസ്ഥാനത്തെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിലും കണ്ണൂർ നഗരസഭയിലുമായി വരുന്ന 5 വർഷങ്ങൾക്കുള്ളിൽ 3418 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന ബൃഹത് പദ്ധതിയായ RAY യുടെ സമയബന്ധിതമായ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത തീരുമാനം വികേന്ദ്രീ കൃതാസൂത്രണത്തെ ബാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടായിരു ന്നുവോ; വിശദമാക്കുമോ? | സി) | നഗരസഭകളിൽ പദ്ധതി നിർവ്വഹണത്തി നായി നിലവിൽ രൂപീകരിച്ചിട്ടുള്ള സാങ്കേ തിക സെല്ലുകൾക്ക് കൂടുതൽ ഉത്തരവാദി ത്തവും പങ്കാളിത്തവും നൽകി പദ്ധതി നിർവ്വഹണ സംവിധാനം ശക്തിപ്പെടു ത്തുകയെന്ന ലക്ഷ്യത്തോടെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീക രിക്കുന്നത്. ചേരികളെയും ഗുണഭോക്താ ക്കളെയും തെരഞ്ഞെടുക്കുന്നത് തുടർന്നും അതാത് നഗരസഭകൾ തന്നെയായിരിക്കും ആയതിനാൽ, മേൽ തീരുമാനം വികേന്ദ്രീ കാസൂത്രണത്തെ ബാധിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – രാജീവ് ആവാസ് യോജന (RAY) പദ്ധതി നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നതിന് തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 2838/2013/തസ്വഭവ തീയതി, തിരുവനന്തപുരം 20.11.2013

==========================================================================

**<u>ഉത്തരവ്</u>**

'ചേരിരഹിത ഭാരതം' എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന 'രാജീവ് ആവാസ് യോജന' (RAY) പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായും, സമയബന്ധിതമായും നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ സംസ്ഥാനതലത്തിൽ ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' (SPV) രൂപീകരിക്കുവാൻ തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
അനിത ദാമോദരൻ,
അഡീഷണൽ സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E)/ (LBA&A), (Audit), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം.4452 തീയതി 13.11.2013)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്:- നഗരകാര്യവകുപ്പ് മന്ത്രിയുടെ പിഎസ്
തസ്വഭവ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ
തസ്വഭവ സെക്രട്ടറിയുടെ പിഎ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ